# 47

# ശിശുക്കളെ അനുഗ്രഹിക്കൽ

## (19:13–15)

ഈ രംഗം യേശു വിവാഹത്തെ കുറിച്ചു ചർച്ച ചെയ്തതിന്റെ പിൻതുടർച്ചയായിരുന്നു (19:1–12). ഇത് ഇവിടെ പറയുന്നത് വിഷയത്തിന്റെ പ്രാധാന്യം കൊണ്ടാണോ അതോ കാലനിർണ്ണയ പ്രകാരമാണോ? നമുക്ക് തീർച്ചയില്ല. ലൂക്കൊസ് ഈ രംഗം പറയുന്നത് ചുങ്കക്കാരന്റേയും പരീശന്റേയും ഉപമക്ക് ശേഷമാണ് (ലൂക്കൊ 18:15–17). മത്തായിയിൽ മുൻപിലെ അദ്ധ്യായത്തിൽ, ശിഷ്യന്മാരെ ഒരു പാഠം പഠിപ്പിക്കുന്നതിന് ഒരു ശിശുവിനെ ചിത്രീകരിക്കുകയുണ്ടായി (18:1–6, 10). എന്നാൽ ഇപ്പോൾ ശിശുക്കളെ അവരുടെ ഗുണത്തിനായിട്ടാണ് പറയുന്നത്.

### ശിശുക്കളുടെ പ്രത്യക്ഷത (19:13 എ)

**[13]അവൻ കൈവെച്ച് പ്രാർത്ഥിക്കേണ്ടതിന്നു ചലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാർ അവരെ വിലക്കി.**

**വാക്യം 13. ശിശുക്കൾ** എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*പെയിഡിയോണിൽ* നിന്ന്) പലപ്പോഴും സൂചിപ്പിക്കുന്നത് കൊച്ചു കുട്ടികളെയാണ്. എങ്ങനെയായാലും, ചില സന്ദർഭങ്ങളിൽ, ആ വാക്ക് ഏതാണ്ട് പന്ത്രണ്ടു വയസ് വരെയുള്ള കുട്ടികളെ പറയുവാനും ഉപയോഗിച്ചിട്ടുണ്ട് (മർ. 5:39, 42). "ചിലർ ശിശുക്കളെയും അവന്റെ അടുക്കൽ കൊണ്ടുവന്നു" എന്നാണ് ലൂക്കൊസ് പറഞ്ഞിരിക്കുന്നത് (ലൂക്കൊ. 18:15). വിവിധ പ്രായത്തിലുള്ള കുട്ടികളെ ആയിരിക്കാം അവർ യേശുവിന്റെ **അടുക്കൽ** കൊണ്ടുവന്നത്. മർക്കൊസും ലൂക്കൊസും "അവർ കൊണ്ടുവന്നുകൊണ്ടിരുന്നു" എന്ന അപൂർണ്ണ ക്രിയ ഉപയോഗിച്ചതിനാൽ, അവർ കുറെ സമയത്തേക്ക് തുടർച്ചയായി കുട്ടികളെ കൊണ്ടുവന്നിരുന്നു എന്നാണ് അന്തർലീനമാക്കിയിരിക്കുന്നത് (മർ. 10:13; ലൂക്കൊ. 18:15).

അപ്പന്മാർ തങ്ങളുടെ കുട്ടികളെ കൊണ്ടുവന്നതിന്റെ കാരണവും സൂചിപ്പിച്ചിരുന്നു. അവൻ അവരുടെ മേൽ **കൈവെച്ചു പ്രാർത്ഥിക്കുവാനായിരുന്നു.** കുട്ടികളുടെ മേൽ കൈവെച്ച് അനുഗ്രഹിക്കുന്ന സമ്പ്രദായം യാക്കൊബിന്റെ കാലം മുതൽ നമുക്ക് കാണാം (ഉല്. 48:14–16). യേശുവിന്റെ കാലത്ത് അതൊരു പതിവ് ആയിരുന്നേക്കാം. റബ്ബിമാരുടേയും അറിയ-പ്പെടുന്ന ഉപദേഷ്ടാക്കന്മാരുടേയും അടുക്കൽ കൈവെച്ച് പ്രാർത്ഥിക്കേണ്ടതിന്നു കുട്ടികളെ കൊണ്ടുവരുമായിരുന്നു.[1] ഈ കാഴ്ച്ചപ്പാടിനെ പിന്താങ്ങുന്നതാണ് പിന്നീട് വന്ന താൽമൂദിലെ പാരമ്പര്യരേഖകൾ:

> അതുപോലെ, ആൺകുട്ടികളെയും പെൺകുട്ടികളെയും ഉപവാസദിവസത്തിൽ എടുപ്പിക്കുന്ന മനോഹരമായ ഒരു പതിവ് യെരുശലേമിലുണ്ടായി

രുന്നു: പതിനൊന്നു വയസുള്ളവരെ ഉച്ചവരെയും, പന്ത്രണ്ടുവയസുള്ള വരെ മുഴുവൻ ദിവസവും, പതിമൂന്നു വയസുള്ളവരെ (ആൺകുട്ടികളെ) ഓരോ മൂപ്പന്റേയും അടുക്കൽ കൊണ്ടുവന്നു, അവർ തോറ പഠിക്കേണ്ടതിന്നും, സൽപ്രവൃത്തികൾ ചെയ്യേണ്ടതിന്നും അവരെ കൈവെച്ച് അനുഗ്രഹിക്കേണ്ടതിന്ന് പ്രദക്ഷിണം ചെയ്യിച്ച് നിർത്തുമായിരുന്നു.[2]

കുട്ടികളുടെ നന്മ ആഗ്രഹിച്ചുകൊണ്ടാണ് അമ്മയപ്പന്മാർ തങ്ങളുടെ കുട്ടികളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത്. വലിയ ഗുരുവായ യേശുവിൽനിന്ന് അവരുടെ കുട്ടികൾക്ക് ദയവോടും പ്രോൽസാഹനത്തോടും കൂടെയുള്ള അനുഗ്രഹമായിരുന്നു അവർ പ്രതീക്ഷിച്ചത്.

## ശിഷ്യന്മാരുടെ പ്രതികരണം (19:13 ബി)

**[13]ശിഷ്യന്മാർ അവരെ വിലക്കി.**

**വാക്യം 13.** ധാരാളം ആളുകൾ തങ്ങളുടെ കുട്ടികളെയും കൊണ്ട് വന്നതു കൊണ്ടായിരിക്കണം **ശിഷ്യന്മാർ** അവരെ വിലക്കുവാൻ കാരണം. ശിഷ്യന്മാർ ഉപയോഗിച്ച ഭാഷ പ്രതികരണത്തിന്റെ തീവ്രത വ്യക്തമാക്കുന്നു. **ശാസിച്ചു** (*എപിറ്റിമായോ* വിൽനിന്ന്) എന്നതിൽ ഭീഷണിപ്പെടുത്തി എന്ന ആശയമാണുള്ളത്. ശിഷ്യന്മാർ അങ്ങനെ ചെയ്യുവാൻ കാരണമെന്താണെന്നതിൽ നമുക്ക് അതിശയം തോന്നാം, കാരണം യേശു മുൻപ് ഒരു ശിശുവിനെ എടുത്ത് താഴ്മ എന്തെന്ന് അവരെ പഠിപ്പിച്ചതാണ് (18:1–4). യേശുവിന്റെ ഉപദേശവും സൗഖ്യമാക്കലും ആണ് ശിശുക്കളെ സ്വീകരിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ളത് എന്ന് അവർ ഒരുപക്ഷെ വിചാരിച്ചിരിക്കാം, അല്ലെങ്കിൽ അവർ യേശുവിന്റെ യെരുശലേമിലേക്കുള്ള യാത്ര താമസിപ്പിക്കുമെന്ന് കരുതിയിരിക്കാം.

## യേശുവിന്റെ അനുഗ്രഹിക്കൽ (19:14, 15)

**[14]യേശുവോ "ശിശുക്കളെ എന്റെ അടുക്കലേക്ക് വരുവാൻ വിടുവിൻ; അവരെ തടുക്കരുത്, സ്വർഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" എന്നു പറഞ്ഞു. [15]അങ്ങനെ അവൻ അവരുടെ മേൽ കൈവെച്ചു. പിന്നെ അവിടെനിന്നു യാത്രയായി.**

**വാക്യം 14.** അമ്മയപ്പന്മാർ തങ്ങളുടെ കുട്ടികളെ **യേശുവിന്റെ** അടുക്കൽ അനുഗ്രഹിക്കേണ്ടതിന്നു കൊണ്ടുവന്നപ്പോൾ, അവൻ അവരെ കൃപയോടുകൂടിയാണ് സ്വീകരിച്ചത്. **"ശിശുക്കളെ എന്റെ അടുക്കലേക്ക് വരുവാൻ വിടുവിൻ, അവരെ തടുക്കരുത്."** ശാസിച്ചവരെ അവൻ ശാസിച്ചു. യേശു അവരോട് "മുഷിഞ്ഞു" (മർ. 10:14). സ്വർഗ രാജ്യത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവൻ "തിരിഞ്ഞു ശിശുക്കളെ പോലെ ആകണം" എന്ന് അവൻ അവരെ പഠിപ്പിച്ചു കഴിഞ്ഞതാണ് (18:3). **സ്വർഗ രാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ** എന്നും അവൻ പറഞ്ഞു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, സ്വർഗത്തിൽ മുഴുവൻ, കൊച്ചുകുട്ടികളെപോലെ താഴ്മയും ആശ്രയവുമുള്ളവരായിരിക്കും.

ഈ വാക്യം ശിശുസ്നാനത്തെ സാധൂകരിക്കുന്നില്ല; വാസ്തവത്തിൽ,

അതിനെ നീക്കം ചെയ്യുകയാണ്. യേശു ആ ശിശുക്കളെ ഒന്നിനേയും സ്നാനപ്പെടുത്തിയില്ല. അവൻ അവരുടെമേൽ കൈവെച്ച് അവരെ അനുഗ്രഹിക്കുക മാത്രമാണ് ചെയ്തത്. ശിശുസ്നാനത്തെ കുറിച്ച് ഇവിടെയോ, പുതിയ നിയമത്തിൽ മറ്റൊരിടത്തോ പറയുന്നില്ല. അങ്ങനെയുള്ള ഒരു ഉദാഹരണം പോലും തിരുവെഴുത്തിലില്ല. കാരണങ്ങൾ വളരെ വ്യക്തമാണ്: ശിശുക്കൾ പാപത്തിന്റെ കുറ്റമുള്ളവരല്ല, സ്നാനം "പാപങ്ങളുടെ മോചനത്തിനുള്ളതാണ്" (പ്രവൃ. 2:38). സ്നാനത്തിനു മുൻപ് ആവശ്യമായ വിശ്വാസം, മാനസാന്തരം, ഏറ്റുപറച്ചൽ, എന്നിവ നടത്തുവാൻ കഴിവില്ലാത്തവരാണ് ശിശുക്കൾ (മർ. 16:16; പ്രവൃ. 2:38; 8:36–38; റോമർ. 10:9, 10).

ഏ. ഡി. മൂന്നാം നൂറ്റാണ്ടിൽ മാത്രമാണ് ശിശു സ്നാന പരിശീലനം ആരംഭിച്ചത്. പല ശവക്കല്ലറകളിലെ എഴുത്തുകളും മറ്റു തെളിവുകളും പരിശോധിച്ച എവെറെറ്റ് ഫെർഗൂസൻ വിലയിരുത്തിയത്, ശിശുമരണം വർദ്ധിച്ചുവന്ന സാഹചര്യത്തിൽ, അവർ സ്വർഗത്തിൽ പോകുമെന്ന് മാതാപിതാക്കൾക്ക് ഉറപ്പു നൽകുന്നതിനായി ആരംഭിച്ചതാണ് ശിശു സ്നാനം എന്നാണ്.[3] എങ്ങനെയായാലും, ഇത്തരത്തിൽ ഉറപ്പുകൊടുക്കുവാൻ വചനത്തിൽ ദൈവം അധികാരപ്പെടുത്തിയിട്ടില്ല. നാം അവരെ ദൈവത്തിന്റെ സ്നേഹത്തിലും കരുതലിലും ഏൽപിക്കണം.

**വാക്യം 15**. ശിഷ്യന്മാരെ ശാസിച്ച ശേഷം, യേശു ശിശുക്കളുടെ **മേൽ കൈവെച്ച് അവരെ** അനുഗ്രഹിച്ചു. യേശു അവരെ തന്റെ കൈകളിൽ എടുത്തു എന്ന ചിത്രമാണ് മർക്കൊസ് നൽകുന്നത് (മർ. 10:16). അമ്മയപ്പന്മാരുടെ ആവശ്യപ്രകാരം, അവൻ ശിശുക്കൾക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്തിരിക്കണം (19:13). ശിശുക്കളെ അനുഗ്രഹിച്ച ശേഷം, **അവൻ അവിടെ വിട്ടു** മറ്റൊരു സ്ഥലത്തേക്ക് പോയി.

**പാഠം**

### ശിശുക്കളെ അനുഗ്രഹിക്കൽ (19:13-15)

തങ്ങളുടെ കുട്ടികൾക്ക് നന്മ ലഭിക്കണമെന്ന് ആഗ്രഹിച്ച മാതാപിതാക്കൾ കുട്ടികളെ അനുഗ്രഹിക്കേണ്ടതിന്ന് യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പൊസ്തലന്മാർ അവരെ നിരുൽസാഹപ്പെടുത്തിയെങ്കിലും, അവരെ പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല. അവസാനം, യേശു അവരുടെ മക്കളെ കൈവെച്ച് പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. ഇന്ന് ക്രിസ്തീയ മാതാപിതാക്കൾ അവരുടെ മക്കൾക്ക് ഏറ്റവും നല്ല നന്മയാണ് പ്രതീക്ഷിക്കുന്നത്. അവരെ അനുഗ്രഹിക്കേണ്ടതിന്ന് യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവരുവാൻ പല മാർഗങ്ങളുണ്ട്: (1) അവരോടൊപ്പം സമയം ചെലവിടുക, (2) അവർക്ക് അനുകരിക്കാവുന്ന മാതൃകയാകുക, (3) അവരെ ദൈവത്തിന്റെ വചനം പഠിപ്പിക്കുക, (4) അവരെ ആരാധനക്കും ബൈബിൾ ക്ലാസുകൾക്കും കൊണ്ടുവരിക, (5) അവർക്കു വേണ്ടി പ്രാർത്ഥിക്കുക, (6) ക്രിസ്തുവിന്റെ രാജ്യത്തിലെ ദാസന്മാരായി സേവ ചെയ്യുവാൻ അവരെ പ്രോൽസാഹിപ്പിക്കുക.

ഡേവിഡ് സ്റ്റുവർട്ട്

കുറിപ്പുകൾ

[1]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു,* ദ ന്യൂസെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 282. [2]താൽമൂദ് *സോഫെരിം* 18.5. [3]എവെറെറ്റ് ഫെർഗൂസൺ, "ഇൻസ്ക്രിപ്ഷൻസ് ആന്റ് ദ ഒറിജിൻ ഓഫ് ഇൻഫന്റ് ബാപ്റ്റിസം." *ജേണൽ ഓഫ് തിയോളജിക്കൽ സ്റ്റഡീസ്* എൻ. എസ്. 30 (ഏപ്രിൽ 1979): 46.